ശുദ്ധജല വിതരണ പദ്ധതികൾ

1401 [2121] ശ്രീ. പി. ജെ. തങ്കപ്പൻ :

,, എ. കെ. പത്മനാഭൻ :

,, ടി. കെ. ഹംസ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ശുദ്ധജലവിതരണ പദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഏതെല്ലാം രാജ്യങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹായമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികളുടെ പണി എന്ന് പൂർത്തീകരിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 468 ശുദ്ധജലവിതരണ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും എൽ. ഐ. സി. യുടെയും, ലോകബാങ്കിന്റെയും നെതർലാൻഡ് ഗവൺമെന്റിന്റെയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നു.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം

1402 [2122] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രാമങ്ങളിൽ ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഓരോ വർഷവും എത്രവീതമെന്ന് വ്യക്തമാക്കുമോ ;

(സി) ജലദൗർലഭ്യ ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 606 പ്രശ്ന ഗ്രാമങ്ങളിൽ ഭാഗികമായി ശുദ്ധജലം എത്തിച്ചിട്ടുണ്ട്. കൂടാതെ ഭാഗികമായി ശുദ്ധജല വിതരണം നടപ്പിലാക്കിയ 100 പ്രശ്ന ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. 557 എണ്ണത്തിൽ മനരത്തെ ശുദ്ധജലവിതരണം നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly